**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **07-10-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ കപ്പൽ ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവും നടത്തപ്പെടുന്ന ചരക്ക് നീക്കത്തിന്റെ അൻപതു ശതമാനമെങ്കിലും ഘട്ടം ഘട്ടമായി തീരദേശ കപ്പൽ ഗതാഗതത്തിലൂടെ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടത്തിവരുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ; | (എ) | ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള കപ്പൽ ഗതാഗതം പുന:രാരംഭിച്ചിട്ടുണ്ട്. ഇത് ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞം മൈനർ പോർട്ടിലേയ്ക്ക് നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (ബി) | അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചിരുന്ന തീരദേശ കപ്പൽ സർവ്വീസ്, വിഴിഞ്ഞം മൈനർ പോർട്ടിലേക്ക് നീട്ടുന്നത് സജീവ പരിഗണനയിലാണ്. |
| (സി) | ചരക്ക് നീക്കത്തിലെ ചെലവ്, റോഡ് ഗതാഗത മേഖലയിലെ അപകടങ്ങൾ, അന്തരീക്ഷ മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് സഹായകരമായ തീരദേശ കപ്പൽ സർവ്വീസ് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചരക്കുനീക്കം ആരംഭിച്ചിട്ടുണ്ട്. അത് വിഴിഞ്ഞം തുറമുഖത്തേക്ക് ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ